പ്രകാശവചനം ● **അബൂദർറ് എടയൂർ**

# പഠിക്കാനും പകർത്താനുമുള്ളതാണ് ഖുർആൻ

عَنْ أبي هُرَيْرَةَ رَضِيَ اللَّهُ عَنهُ، عَنِ النَّبِيِّ ﷺ قَالَ: مَا اجْتَمَعَ قَوْمٌ فِي بَيْتٍ مِنْ بُيُوتِ اللَّه تَعَالَى، يَتْلُونَ كِتَابَ اللَّهِ وَيَتَدَارَسُونَهُ بَيْنَهُمْ، إِلَّا نَزَلَتْ عَلَيْهِمُ السَّكِينَةُ، وَغَشِيَتْهُمُ الرَّحْمَةُ، وَحَفَّتْهُمُ الْمَلَائِكَةُ، وَذَكَرَهُمُ اللَّهُ فِيمَنْ عِنْدَهُ

അബൂഹുറയ്റ(റ)യിൽ നിന്ന്. നബി(സ) പറഞ്ഞു: ഒരു സംഘം ആളുകൾ അല്ലാഹുവിന്റെ ഏതെങ്കിലുമൊരു ഭവനത്തിൽ സംഗമിച്ച് ആശയം ഗ്രഹിച്ച് ഖുർആൻ പാരായണം നടത്തുകയും അത് ചർച്ച ചെയ്ത് പഠിക്കുകയുമാണെങ്കിൽ അവരുടെ മേൽ ശാന്തി വർഷിക്കും. ദിവ്യകാരുണ്യം അവരെ മൂടും. മലക്കുകൾ അവരെ ആവരണം ചെയ്യും. അല്ലാഹു അവരെ കുറിച്ച് തന്റെയടുക്കലുള്ളവരോട് പറയും (അബൂദാവൂദ്).

ഖുർആൻ അവതരണത്തിന്റെ വാർഷികാഘോഷത്തിൽ നാം പല തവണ പങ്കെടുത്തു. പക്ഷേ ഈ കാലയളവിനുള്ളിൽ നാം ഖുർആനെ എത്രത്തോളം അടുത്തറിഞ്ഞിട്ടുണ്ട് എന്ന ചോദ്യം പ്രസക്തമല്ലേ? ആശയം ഗ്രഹിക്കാതെയുള്ള കേവലപാരായണം ഖുർആനോടുള്ള പരിഗണനയുടെ ചെറിയൊരംശം മാത്രമേ ആകുന്നുള്ളൂ. അല്ലാഹു പറയുന്നു: "(നബിയേ) താങ്കൾക്ക് നാം അവതരിപ്പിച്ചു തന്ന ഗ്രന്ഥം അനുഗൃഹീതമാണ്. ആളുകൾ ഇതിലെ ആയത്തുകളെ കുറിച്ച് പഠിക്കാനും ബുദ്ധിമാൻമാർ ഉൽബുദ്ധരാകുന്നതിനും വേണ്ടിയാണിത്" (*സ്വാദ്* 29). ഖുർആന്റെ ഈ അവതരണ ലക്ഷ്യത്തോട് നാം നീതി പുലർത്തുന്നുണ്ടോ? ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് നിങ്ങളിൽ ഉത്തമർ എന്ന് പ്രവാചകൻ പറയുമ്പോൾ ആ ഗണത്തിൽ പെടേണ്ടതില്ല എന്നാണോ നാം തീരുമാനിക്കേണ്ടത്?

ചിന്തിക്കാനും പഠിക്കാനും ആലോചിക്കാനും ഗ്രഹിക്കാനും നിരന്തരം ആഹ്വാനം ചെയ്യുന്ന ഗ്രന്ഥമാണല്ലോ ഖുർആൻ. എന്നാൽ ഖുർആനല്ലാതെ ഏതും പഠിക്കാൻ നാം സന്നദ്ധരാണ്. എത്ര വർഷം/സമ്പത്ത് വേണമെങ്കിലും അതിന് ചെലവഴിക്കാം. പക്ഷേ ഖുർആൻ ഓതിയാൽ തന്നെ ധാരാളമല്ലേ. പിന്നെയെന്തിന് വെറുതെ റിസ്ക് എടുക്കണം. അതിനാൽ അത് പഠിച്ചില്ലെങ്കിലും കുഴപ്പമില്ല; ഈ ചിന്ത പൈശാചികമല്ലേ? എന്തുകൊണ്ടാണ് ഖുർആൻ പഠനം നാം പ്രാഥമിക ഘട്ടത്തിൽ അവസാനിപ്പിക്കുന്നത്? അതിന്റെയർഥം ഖുർആനെ നാം വേണ്ടവിധം പരിഗണിക്കുന്നില്ല എന്നല്ലേ? 23 വർഷം ആട്ടും തുപ്പും പരിഹാസവും പീഡനങ്ങളും സഹിച്ച് ഈ ഖുർആനിക പ്രകാശം നമുക്ക് പകർന്ന് തന്ന പ്രവാചകൻ അത് സഹിക്കുമോ? അദ്ദേഹം അല്ലാഹുവിനോട് പരാതിപ്പെടുകയില്ലേ; "എന്റെ നാഥാ എന്റെ ഈ ജനത ഈ ഖുർആനിനെ അവഗണിച്ചു"(*അൽഫുർഖാൻ* 30) എന്ന്. ഖുർആൻ തന്നെയും നമുക്കെതിരെ സാക്ഷി നിൽക്കുകയില്ലേ? നബി(സ) പറഞ്ഞു: "ഖുർആൻ നിനക്ക് അനുകൂലമോ പ്രതികൂലമോ ആയ സാക്ഷിയാണ്" (മുസ്‌ലിം). പത്രം വായിക്കാനെടുക്കുന്നതിന്റെ പത്ത് ശതമാനം സമയം പോലും ഖുർആൻ പഠിക്കാൻ വിനിയോഗിക്കാത്തവർ അതിനെ അവഗണിക്കുകയല്ലേ ചെയ്യുന്നത്?

ഖുർആൻ ഗ്രഹിക്കേണ്ടതില്ല എന്ന് പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ടോ? മൂന്നിൽ കുറഞ്ഞ നാളുകൾക്കകം ഖുർആൻ ഓതിത്തീർക്കുന്നത് പ്രവാചകൻ വിരോധിച്ചിരിക്കുന്നു. അതിന് നബി(സ)പറഞ്ഞ ന്യായം അത്രവേഗത്തിൽ ഓതിയാൽ അത് ഗ്രഹിക്കാനാവില്ല എന്നാണ് (അബൂദാവൂദ്, തിർമിദി).

ഇബ്നു മസ്ഊദ്(റ) പറയുന്നു: ഞങ്ങളിലൊരാൾ പത്ത് സൂക്തം പഠിച്ചാൽ അതിന്റെ ആശയം മനസ്സിലാക്കുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്യാതെ അടുത്തതിലേക്ക് കടക്കുകയില്ല . ഇബ്നു ഉമർ(റ) പറയുന്നു: ഉമർ(റ) 12 വർഷം കൊണ്ടാണ് സൂറത്തുൽ *ബഖറ* പഠിച്ചത് (ബൈഹഖി).

ഖുർആൻ പഠനത്തിന്റെ ശ്രേഷ്ഠത ഉപരിസൂചിത ഹദീസിൽ നിന്ന് സുവ്യക്തമാണ്. അത്ര പ്രാധാന്യമുള്ള മറ്റൊരു പഠനവുമില്ല. പക്ഷേ നമുക്ക് മറ്റു പലതും പഠിക്കാനുണ്ട്; തിരക്കാണ്; സമയമില്ല. ഖുർആൻ പഠിക്കാൻ ബഹുമുഖ സംവിധാനങ്ങൾ നമ്മുടെ മുന്നിലുണ്ട്. പഠനത്തിന് തടസ്സം നിൽക്കുംവിധമുള്ള ശാരീരികമോ ബുദ്ധിപരമോ ആയ അവശതകൾ ഉള്ളവർക്ക് മാത്രമേ ഇക്കാലത്ത് ഖുർആൻ പഠനത്തിൽ ഇളവ് ലഭിക്കാൻ അർഹതയുള്ളൂ. ഖുർആനിന്റെ അക്ഷരങ്ങളിലൂടെ മാത്രം വിഹരിച്ച് കാലം കഴിക്കുന്നത് ഒരു ആപത് സൂചനയായിട്ടാണ് പ്രവാചകൻ പഠിപ്പിക്കുന്നത്: "നിങ്ങളിലൊരു വിഭാഗം വരും. അവരുടെ നമസ്കാരം, നോമ്പ്, മറ്റു കർമങ്ങൾ എന്നിവയുമായി തുലനം ചെയ്തുനോക്കുമ്പോൾ നിങ്ങളുടേത് വളരെ നിസ്സാരമായി തോന്നും. അവർ ഖുർആൻ ഓതും. അത് അവരുടെ തൊണ്ടക്കപ്പുറത്തേക്ക് കടക്കുകയില്ല. വില്ലിൽ നിന്ന് അമ്പ് പോകുന്നതുപോലെ അവർ ദീനിൽ നിന്ന് പുറത്തുപോകും" (ബുഖാരി, മുസ്‌ലിം). ഖുർആനെ ഹൃദയത്തിന്റെ വസന്തമാക്കാൻ, മനസ്സിന്റെ പ്രകാശമാക്കാൻ, മനോവ്യഥകളുടെ സാന്ത്വനമാക്കാൻ നാം പ്രാർഥിക്കുന്നു. പക്ഷേ പ്രവർത്തനമോ? അതിനാൽ ഖുർആൻ പഠനം നമ്മുടെ നിത്യജീവിതത്തിന്റെ അജണ്ടകളിൽ നാം ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. അത് ഖുർആനോടുള്ള യഥാർഥ ആദരവിന്റെയും ഗുണകാംക്ഷയുടെയും ഭാഗവും ഒപ്പം, അതുല്യമായ പുണ്യകർമവുമാണ്.

■